

ർവേ റിസർവേഷൻ കൗണ്ടറിൻെറ ഉദ്ഘാടനം കേന്ദ്രമന്ത്രി കെ.വി. തോമസ് നിർവഹ

# കലക്ടറേറ്റിലെ ട്രെയിൻ ടിക്കറ്റ് കൗണ്ടർ ഇന്നു തുറക്കും

കാക്കനാട്: ട്രെയിൻ ടിക്കറ്റ് റിസർവേഷൻ സെന്റർ ഇന്നു കലക്ടറേറ്റിൽ പ്രവർത്തനം തുടങ്ങും. സംസ്ഥാനത്ത് ആദ്യമായാണു ജില്ലാ കലക്ടറേറ്റിൽ ട്രെയിൻ ടിക്കറ്റ് റിസർവേഷൻ, ക്യാൻസൽ സൗകര്യവുമായി സെന്റർ ആരംഭിക്കുന്നത്.

പുതുതായി ആരംഭിച്ച പാസഞ്ചേഴ്സ് റിസർവേഷൻ സിസ്റ്റം (പിആർഎസ്) പ്രകാരമാണ് ഇവിടെ സാറ്റലൈറ്റ് ബുക്കിങ് സ്റ്റേഷൻ ആരംഭിക്കുന്നതെന്നു ബെന്നി ബഹനാൻ എംഎൽഎയും ജില്ലാ കലക്ടർ പി.ഐ. ഷെയ്ക്ക് പരീതും പറഞ്ഞു. ഇന്ന് ഉച്ചയ്ക്കു 12നു കേന്ദ്രമന്ത്രി കെ.വി. തോമസ് കൗണ്ടർ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ. ബാബുവും സംബന്ധിക്കും. രാജ്യത്തെ ഏതു റയിൽവേ സ്റ്റേഷനിലേക്കുമുള്ള ട്രെയിൻ ടിക്കറ്റുകൾ റിസർവ് ചെയ്യാനും ക്യാൻസൽ ചെയ്യാനും ഇവിടെ സൗകര്യമുണ്ടാകും.

അന്യ ജില്ലകളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ആയിരക്കണക്കിനു പേർ ഐടി മേഖലയിലും മറ്റും തൃക്കാക്കരയിൽ ജോലി ചെയ്യുന്നതു മുൻനിർത്തിയാണു ട്രെയിൻ ടിക്കറ്റ് റിസർവേഷൻ സെന്റർ ഇവിടെ ആരംഭിക്കുന്നത്. നിലവിൽ എറണാകുളം സൗത്ത്, നോർത്ത് റയിൽവേ സ്റ്റേഷനുകളിലെത്തിയാണ് യാത്രക്കാർ ടിക്കറ്റ് റിസർവ് ചെയ്യുന്നതും ക്യാൻസൽ ചെയ്യുന്നതും. പുതിയ സെന്റർ കലക്ടറേറ്റിൽ വരുന്നതോടെ ഈ ആവശ്യത്തിനായി നഗരത്തിലേക്കുള്ള യാത്ര ഒഴിവാക്കാം.

കൊച്ചിയുടെ ഉപനഗരമായി മാറിക്കൊണ്ടിരിക്കുന്ന തൃക്കാക്കരയിൽ ട്രെയിൻ ടിക്കറ്റ് റിസർവേഷൻ വേണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. ഇൻഫോപാർക്കും പ്രത്യേക സാമ്പത്തിക മേഖലയും ഉൾപ്പെടെയുള്ള വൻ തൊഴിൽ കേന്ദ്രങ്ങൾ ഇവിടെ ആരംഭിച്ചതോടെ ഉദ്യോഗാർഥം അന്യദേശക്കാരുടെ പ്രവാഹമാണ് ഇവിടേക്ക്. ഇവരിൽ ഭൂരിഭാഗവും നാട്ടിലെത്താൻ ട്രെയിനിനെ ആശ്രയിക്കുന്നവരാണ്. ദൂരെ ദിക്കുകളിൽ ജോലിക്കു പോകുന്ന തദ്ദേശീയരായ ട്രെയിൻ യാത്രികരും ഏറെ. കലക്ടറേറ്റിലെ റിസർവേഷൻ സെന്റർ ഇവർക്കൊക്കെ ഏറെ പ്രയോജനപ്പെടും. 'അക്ഷയ'യുടെ ചുമതലയിലായിരിക്കും സെന്റർ പ്രവർത്തിക്കുക.

മലയാള മനോരമ

2011 ജൂലൈ 30 ശനി

ദേശാഭിമാനി, ജൂലൈ 29

# സിവിൽസ്റ്റേഷനിൽ റിസർവേഷൻ കൗണ്ടറും അക്ഷയ സെന്ററും

തൃക്കാക്കര: സിവിൽ സ്റ്റേഷനിൽ തുടങ്ങുന്ന റെയിൽവേ ടിക്കറ്റ് റിസർവേഷൻ കൗണ്ടറിന്റെയും അക്ഷയകേന്ദ്രത്തിന്റെയും ഉദ്ഘാടനം ശനിയാഴ്ച രാവിലെ ഒമ്പതിന് കേന്ദ്രസഹമന്ത്രി കെ വി തോമസ് നിർവഹിക്കും. സിവിൽസ്റ്റേഷൻ രണ്ടാം ബ്ലോക്കിലെ താഴത്തെനിലയിലാണ് കൗണ്ടർ പ്രവർത്തിക്കുക. രാജ്യത്ത് എവിടേക്കും ടിക്കറ്റ് ബുക്ക്ചെയ്യാനും റദ്ദാക്കാനും കൗണ്ടറിൽ സൗകര്യം ലഭിക്കും.

താൽക്കാലികമായി നിർമിച്ച കൗണ്ടറിലാണ് സംവിധാനം തുടങ്ങുക. പിന്നീട് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റും. സിവിൽസ്റ്റേഷനകത്തെ കെട്ടിടത്തിൽ 24 മണിക്കൂറും കൗണ്ടർ പ്രവർത്തിപ്പിക്കാൻ സാധിക്കില്ല. ഇത് സുരക്ഷാസംവിധാനത്തെ ബാധിക്കും.

റിസർവേഷൻ കൗണ്ടറിനു സമീപം ആരംഭിക്കുന്ന അക്ഷയകേന്ദ്രത്തിൽനിന്ന് 10 മുതൽ അഞ്ചുവരെ പൊതുജനങ്ങൾക്ക് സേവനം ലഭിക്കും.

ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്താൻ കലക്ടർ പി ഐ ഷേഖ് പരീത്, ജില്ലാ പ്ലാനിങ് ഓഫീസർ ആർ ഗിരിജ എന്നിവർ സ്ഥലം സന്ദർശി...